പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5733 18.11.2019 ൽ മറുപടിയ്ക്ക്

സപ്ലൈകോ ഗോഡൗണുകൾ

ചോദ്യം

ശ്രീ.സജി ചെറിയാൻ

ഉത്തരം

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരളത്തിൽ എത്ര സപ്ലൈകോ ഗോഡൗണുകളാണുള്ളത്; ഗോഡൗണുകളിൽ മതിയായ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; | (എ) | സപ്ലൈകോയ്ക്ക് സംസ്ഥാനത്ത് ആകെ 396 ഗോഡൗണുകൾ ഉണ്ട്. ഗോഡൗണുകളിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. |
| (ബി) | ഗോഡൗണുകളിൽ നിന്നും ഉപയോഗ ശൂന്യമായ ഭക്ഷ്യവസ്തുക്കൾ സംഭരിച്ച് വിതരണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഡിപ്പോകളിലെത്തുന്ന ഭക്ഷ്യ ധാന്യങ്ങളുടെ ഗുണമേന്മ പരിശോധിച്ച് ഉറപ്പ് വരുത്തിയതിനു ശേഷമാണ് ഗോഡൗണുകളിൽ ഭക്ഷ്യധാന്യങ്ങൾ സംഭരിക്കുന്നത്. |
| (സി) | ഗോഡൗണുകളിൽ ഉണ്ടായതായി പറയപ്പെടുന്ന ക്രമക്കേടുകളും സാമ്പത്തിക തട്ടിപ്പും കണ്ടുപിടിച്ച് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിവരിക്കുമോ; | (സി) | സപ്ലൈകോ വിജിലൻസ് വിഭാഗം മുഖേനയും സംസ്ഥാന വിജിലൻസ് & ആന്റി-കറപ്ഷൻ ബ്യൂറോ മുഖേനയും അന്വേഷണം നടത്തി നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ